ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 21.08.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിന് ഇന്ന് സമാപനം; ഓൺലൈൻ ഗെയിമിങ് ബിൽ ലോക്സഭ ഇന്നലെ പാസ്സാക്കി.

   **Monsoon session of Parliament concludes today; Lok Sabha passed bill aiming to prohibit harmful online money gaming services, yesterday.**

2. ഇന്ത്യയും റഷ്യയുമിടയിലെ സാമ്പത്തിക സഹകരണം ശക്തമാക്കുമെന്ന് വിദേശകാര്യമന്ത്രി എസ് ജയശങ്കർ; റഷ്യൻ വിദേശകാര്യ മന്ത്രി സെർജി ലാവ്റോവുമായി അദ്ദേഹം ഇന്ന് കൂടിക്കാഴ്ച നടത്തും.

   **External Affairs Minister Dr S. Jaishankar has said that India-Russia Partnership is experiencing consolidation as well as exploring new domains and opportunities. Dr S Jaishankar will meet Russian Foreign Minister Sergey Lavrov in Moscow today.**

3. 17-ാമത് ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിനായി നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും; I.N.D.I.A സ്ഥാനാർത്ഥി ബി സുദർശൻ റെഡ്ഡി ഇന്ന് പത്രിക നൽകും.

   **The deadline to file nominations for the 17th Vice Presidential election ends today. I.N.D.I.A bloc candidate B. Sudarshan Reddy will submit nomination today**

4. കേരളം സമ്പൂർണ ഡിജിറ്റൽ സാക്ഷരത നേടിയതിന്റെ ഔദ്യോഗിക പ്രഖ്യാപനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നിർവഹിക്കും.

   **Chief Minister Pinarayi Vijayan will officially announce Kerala's achievement of 100% digital literacy today.**

5. കേരള ക്രിക്കറ്റ് ലീഗിന് ഇന്ന് തിരുവനന്തപുരത്ത് തുടക്കം; പ്രഥമ ഖേലോ ഇന്ത്യ വാട്ടർ സ്പോർട്സ് ഫെസ്റ്റിവൽ ജമ്മു കശ്മീരിലെ ദാൽ തടാകത്തിൽ ഇന്നാരംഭിക്കും.

   **Kerala Cricket League kicks off in Thiruvananthapuram today; The first Khelo India Water Sports Festival begins today in Jammu & Kashmir.**

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## PARLIAMENT (INTRO)

പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിന് ഇന്ന് സമാപനമാവും. ഓൺലൈൻ ഗെയിമിങ്ങ് ബിൽ, 130 ആം ഭരണഘടനാ ഭേദഗതി ബിൽ തുടങ്ങി സുപ്രധാന നിയമനിർമാണ നടപടികൾക്കാണ് സഭ ഇന്നലെ സാക്ഷ്യം വഹിച്ചത്. പണം ഉപയോഗിച്ചുള്ള അപകടകരമായ ഓൺലൈൻ ഗെയിമുകളെ നിയന്ത്രിക്കുന്നതിനൊപ്പം, ഇ-സ്പോട്സ്, സോഷ്യൽ ഗെയിംസ് എന്നിവയ്ക്ക് പ്രോത്സാഹനം പകരുന്ന ഓൺലൈൻ ഗെയിമിങ്ങ് ബിൽ ലോക്സഭ പാസ്സാക്കി. സമൂഹത്തിന് ആശങ്ക സൃഷ്ടിക്കുന്ന തരം ഗെയിമുകളിൽ നിന്ന് ജനങ്ങൾക്ക് സംരക്ഷണമൊരുക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് ബിൽ അവതരിപ്പിച്ചുകൊണ്ട് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. നിയമം ലംഘിച്ചാൽ മൂന്നു വർഷം വരെ തടവും ഒരു കോടിരൂപ വരെ പിഴയും ബിൽ വ്യവസ്ഥ ചെയ്യുന്നു. 130-ാമത് ഭരണഘടന ഭേദഗതി ബിൽ, കേന്ദ്രഭരണ പ്രദേശങ്ങളുടെ ഭരണ (ഭേദഗതി) ബിൽ, ജമ്മു കശ്മീർ പുനഃസംഘടന (ഭേദഗതി) ബിൽ 2025 എന്നിവ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്നലെ ലോക്സഭയിൽ അവതരിപ്പിച്ചു.

(ഹോൾഡ്)

അഞ്ച് വർഷത്തിനു മുകളിൽ ശിക്ഷ ലഭിക്കാവുന്ന കുറ്റത്തിന് അറസ്റ്റിലായി 30 ദിവസം ജയിലിൽ കഴിയേണ്ടി വരുന്ന മന്ത്രിമാരെ സ്ഥാനഭ്രഷ്ടരാക്കാൻ വ്യവസ്ഥ ചെയ്യുന്ന ഭരണഘടനാ ഭേദഗതിക്കെതിരെ പ്രതിപക്ഷം ശക്തമായ പ്രതിഷേധം സഭയിലുയർത്തി. പ്രധാനമന്ത്രിയും, മുഖ്യമന്ത്രിമാരും, കേന്ദ്ര-സംസ്ഥാന മന്ത്രിമാരും നിയമത്തിൻറെ പരിധിയിൽ വരും. പാർലമെൻററി ജനാധിപത്യത്തെ ഹനിക്കുന്ന ബില്ലാണിതെന്നും, നിയമനിർമാണ സഭയ്ക്കു മുകളിൽ ഭരണനിർവഹണ സംവിധാനത്തിന് ബിൽ അധികാരം നൽകുമെന്നും പ്രതിപക്ഷം വിമർശനം ഉന്നയിച്ചു. മൂന്ന് ബില്ലുകളും പിന്നീട് പാർലമെൻറ് സംയുക്ത സമിതിയുടെ പരിഗണയ്ക്ക് വിടുകയായിരുന്നു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## AMIT SHAH

രാഷ്ട്രീയരംഗത്തെ ധാർമിക നിലവാരം വർദ്ധിപ്പിക്കുന്ന ബില്ലുകളാണിതെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ സമൂഹമാധ്യമത്തിൽ കുറിച്ചു. അറസ്റ്റിലായ ശേഷവും രാഷ്ട്രീയ നേതാക്കൾ രാജിയ്ക്ക് തയ്യാറാകാത്ത സാഹചര്യം ഭരണഘടനാ ശിൽപികൾ വിഭാവനം ചെയ്തിരുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. ജയിലിൽ നിന്ന് സർക്കാരുകളെ നിയന്ത്രിക്കുന്ന തരം ഞെട്ടിപ്പിക്കുന്ന സന്ദർഭങ്ങൾക്ക് രാജ്യം അടുത്തിടെ സാക്ഷ്യം വഹിച്ചതായും

ശ്രീ.അമിത് ഷാ ചൂണ്ടിക്കാട്ടി.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## JAISHANKAR LAVROV MEET (INTRO)

ഇന്ത്യയ്ക്കും റഷ്യയ്ക്കുമിടയിലെ സാമ്പത്തിക സഹകരണം കൂടുതൽ ശക്തമാക്കുമെന്ന് വിദേശകാര്യമന്ത്രി എസ് ജയശങ്കർ. വ്യാപാരം, നിക്ഷേപം, സംയുക്ത സംരംഭങ്ങൾ എന്നിവയെ കൂടുതൽ പ്രോത്സാഹിപ്പിക്കാനും അദ്ദേഹം ആഹ്വാനം ചെയ്തു. ഇന്ത്യ-റഷ്യ

ബിസിനസ്സ് ഫോറത്തെ മോസ്കോയിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയിസ് )

റഷ്യൻ സന്ദർശനം തുടരുന്ന ശ്രീ ജയശങ്കർ റഷ്യൻ വിദേശകാര്യ മന്ത്രി സെർജി ലാവ്റോവുമായി ഇന്ന് കൂടിക്കാഴ്ച നടത്തും. ഇന്ത്യയും റഷ്യയും തമ്മിലുള്ള തന്ത്രപരമായ പങ്കാളിത്തം ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് കൂടിക്കാഴ്ച. യുക്രൈൻ സംഘർഷം, അഫ്ഗാനിസ്ഥാനിലെ സാഹചര്യം, പലസ്തീൻ-ഇസ്രായേൽ ഏറ്റുമുട്ടൽ തുടങ്ങിയ അന്താരാഷ്ട്ര സംഭവവികാസങ്ങളെക്കുറിച്ച് ഇരുവരും അഭിപ്രായങ്ങൾ കൈമാറും. ഉപരോധങ്ങൾ ഏർപ്പെടുത്തുന്ന രാജ്യങ്ങളിൽ നിന്നും സ്വതന്ത്രമായ രീതിയിലുള്ള ലോജിസ്റ്റിക്സ്, സാമ്പത്തിക സംവിധാനങ്ങൾ വികസിപ്പിക്കുന്നതിനെക്കുറിച്ചുള്ള നിർണായക ചർച്ചകളും നടക്കും.

❂❂❂❂❂❂❂❂❂❂❂❂❂❂❂❂❂❂❂❂❂❂❂

## VICE PRESIDENT

17-ാമത് ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിനായി നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും. എൻഡിഎ സ്ഥാനാർഥി സി.പി രാധാകൃഷ്ണൻ ഇന്നലെ നാമനിർദ്ദേശ പത്രിക നൽകിയിരുന്നു. I.N.D.I.A സ്ഥാനാർത്ഥിയായി, സുപ്രീംകോടതി മുൻ ജഡ്ജി ബി സുദർശൻ റെഡ്ഡി ഇന്ന് പത്രിക നൽകും. അടുത്തമാസം ഒൻപതിനാണ് ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പ്.

❂❂❂❂❂❂❂❂❂❂❂❂❂❂❂❂❂❂❂❂❂❂❂

## PM BIHAR BRIDGE

പ്രധാനമന്ത്രി നരേന്ദ്ര മോദി, നാളെ ബിഹാറും പശ്ചിമബംഗാളും സന്ദർശിക്കും. ബീഹാറിലെ ഗയയിൽ 13,000 കോടി രൂപയുടെ

വികസന പദ്ധതികൾക്ക് അദ്ദേഹം നാളെ തുടക്കം കുറിക്കും. ഗംഗാ നദിക്ക് കുറുകെ രണ്ട് കിലോമീറ്റർ ദൈർഘ്യത്തിൽ നിർമിച്ച ആന്റ - സിമാരിയ ആറു വരി പാലം അദ്ദേഹം ഉദ്ഘാടനം ചെയ്യും. കൊൽക്കത്തയിൽ 5200 കോടി രൂപയുടെ വികസന പദ്ധതികൾക്കും അദ്ദേഹം തുടക്കം കുറിക്കും.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## AGNI- 5

മധ്യദൂര ബാലിസ്റ്റിക് മിസൈൽ അഗ്നി-5 വിജയകരമായി വിക്ഷേപിച്ച് ഇന്ത്യ. 5000 കിലോമീറ്റർ വരെ ദൂരപരിധിയുള്ള മിസൈൽ, ഒഡീഷ തീരത്തെ ചാന്ദിപ്പൂർ ടെസ്റ്റ് റേഞ്ചിൽ നിന്നാണ് ഇന്നലെ വിക്ഷേപിച്ചത്.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## ASHWINI VAISHNAW-SPECIAL TRAIN

ദീപാവലി, ഛഠ് ഉത്സവങ്ങൾക്ക് മുന്നോടിയായി 12,000 പ്രത്യേക ട്രെയിനുകൾ സർവീസ് നടത്തുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. ഡൽഹി, ഗയ, അമൃതസർ, ഛപ്ര, മുസാഫർപൂർ, ഹൈദരാബാദ് എന്നിവിടങ്ങളെ ബന്ധിപ്പിച്ച് നാല് പുതിയ അമൃത് ഭാരത് ട്രെയിനുകൾ ആരംഭിക്കുമെന്നും അദ്ദേഹം അറിയിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## CM - DIGITAL KERALA

സമ്പൂർണ ഡിജിറ്റൽ സാക്ഷരത നേടിയ ആദ്യ ഇന്ത്യൻ സംസ്ഥാനമായി കേരളം. ഈ ചരിത്രനേട്ടത്തിന്റെ പ്രഖ്യാപനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് വൈകുന്നേരം തിരുവനന്തപുരത്ത് നിർവഹിക്കും. ഡിജിറ്റൽ സാക്ഷരതയുടെ പ്രാധാന്യം തിരിച്ചറിഞ്ഞുകൊണ്ട് സംസ്ഥാന

സർക്കാർ നടപ്പാക്കിയ പദ്ധതിയാണ് ഡിജി-കേരളം. 21 ലക്ഷത്തി 87,667 പഠിതാക്കളാണ് മൂല്യനിർണയത്തിൽ വിജയിച്ച് ഇതിലൂടെ ഡിജിറ്റൽ സാക്ഷരത കൈവരിച്ചത്.

✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿

## KERALA STATE FILM ACADEMY

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സംഘടിപ്പിക്കുന്ന 17-മത് അന്താരാഷ്ട്ര ഡോക്യുമെൻററി, ഹ്രസ്വചിത്രമേളയ്ക്ക് നാളെ തുടക്കം. തിരുവനന്തപുരം കൈരളി തിയേറ്ററിൽ വൈകുന്നേരം ആറു മണിക്ക് സാംസ്കാരിക മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം നിർവഹിക്കും. 'ഫ്രം ഗ്രൗണ്ട് സീറോ' ആണ് ഉദ്ഘാടന ചിത്രം. കൈരളി, ശ്രീ, നിള തിയേറ്ററുകളിൽ ആറു ദിവസങ്ങളിലായി നടക്കുന്ന മേളയിൽ 331 ചിത്രങ്ങൾ പ്രദർശിപ്പിക്കും.

✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿

## NILAMPUR-ASWINI VAISHNAV

നിലമ്പൂർ -നഞ്ചൻകോട് പുതിയ റെയിൽപാതയുടെ അന്തിമ ലൊക്കേഷൻ സർവേയ്ക്ക് അംഗീകാരം നൽകിയതായി കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. ലോക്സഭയിൽ വയനാട് എം.പി പ്രിയങ്കാഗാന്ധിയുടെ ചോദ്യത്തിനുള്ള മറുപടിയായാണ് മന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്.
പുതിയ പാതയുടെ സർവേ 2007-08 ൽ നടത്തിയെങ്കിലും പ്രതീക്ഷിക്കുന്ന യാത്രക്കാരുടെ എണ്ണം കുറവായതിനാൽ പദ്ധതി മുന്നോട്ടു കൊണ്ടുപോകാൻ കഴിഞ്ഞില്ല. പിന്നീട് പൊതുജനങ്ങളുടെ ആവശ്യപ്രകാരം വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനായി 2023-ൽ പുതിയ പാതയുടെ അന്തിമ സ്ഥല സർവേ നടത്തിയിരുന്നു.

✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿

## EPFO-PAYROLL DATA

എംപ്ലോയീസ് പ്രൊവിഡൻറ് ഫണ്ടിൽ ഈ വർഷം ജൂണിൽ അംഗങ്ങളായത് 21.89 ലക്ഷം പേർ. 2018 ഏപ്രിലിന് ശേഷമുള്ള ഏറ്റവും ഉയർന്ന കണക്കാണിത്. ഈ മാസം ഇതുവരെ 10.62 ലക്ഷത്തോളം പുതിയ അംഗങ്ങൾ EPF ൽ ചേർന്നതായും തൊഴിൽ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു. കഴിഞ്ഞ ജൂണിനെ അപേക്ഷിച്ച് 3.61 ശതമാനത്തിൻറെ വർധനയാണിത്.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## CHHATTISGARH

ഛത്തീസ്ഗഡിൽ 29 മാവോയിസ്റ്റുകൾ സുരക്ഷാ സേനയ്ക്ക് മുന്നിൽ കീഴടങ്ങി. പത്തു സ്ത്രീകളും ഉൾപ്പെടെയാണ് കീഴടങ്ങിയത്. അമ്പത്തിയഞ്ച് ലക്ഷം രൂപയാണ് ഇവർക്കായി സർക്കാർ പ്രഖ്യപിച്ചിരിക്കുന്ന പാരിതോഷികം.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## HAJJ

2026-ലെ ഹജ്ജിന് തെരഞ്ഞെടുക്കപ്പെട്ടവർ, ആദ്യ ഗഡുവായ ഒരു ലക്ഷത്തി അൻപത്തി രണ്ടായിരത്തി മുന്നൂറ് രൂപ അടക്കുന്നതിനുള്ള തീയതി ഈ മാസം 25 വരെ നീട്ടിയതായി കേന്ദ്ര ഹജ്ജ് കമ്മിറ്റി അറിയിച്ചു. ഓരോ കവറിനും പ്രത്യേകമായുള്ള ബാങ്ക് റഫറൻസ് നമ്പർ രേഖപ്പെടുത്തിയ പെയ്മെന്റ് സ്ലിപ് ഉപയോഗിച്ച് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലോ, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയിലോ പണമടക്കാവുന്നതാണ്. ഓൺലൈൻ ആയും പണമടക്കാം.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## KERALA CRICKET LEAGUE (INTRO)

കേരളത്തിൻ്റെ സ്വന്തം ക്രിക്കറ്റ് മാമാങ്കമായ കേരള ക്രിക്കറ്റ് ലീഗിന് ഇന്ന് തിരുവനന്തപുരത്ത് തുടക്കം. ഉച്ചക്ക് 2.30 ന് കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ ഏരീസ് കൊല്ലം സെയിലേഴ്സും, കാലിക്കറ്റ് ഗ്ലോബ്സ്റ്റാർസും തമ്മിലാണ് ഉദ്ഘാടന മത്സരം. വൈകുന്നേരം 6.30 ന് നടക്കുന്ന ഔദ്യോഗിക ഉദ്ഘാടന ചടങ്ങിൽ കെസിഎൽ ബ്രാൻഡ് അംബാസിഡർ മോഹൻലാൽ പങ്കെടുക്കും.

വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്......

(വോയിസ്)

✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿

## KHELO INDIA WATER SPORTS FESTIVAL

പ്രഥമ ഖേലോ ഇന്ത്യ വാട്ടർ സ്പോർട്സ് ഫെസ്റ്റിവലിന് ജമ്മു കശ്മീരിലെ ദാൽ തടാകത്തിൽ ഇന്ന് തുടക്കം. മൂന്ന് ദിവസത്തെ ദേശീയ മത്സരത്തിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്നായി 400-ലധികം കായിക താരങ്ങൾ പങ്കെടുക്കും. റോയിംഗ്, കയാക്കിംഗ്, കനോയിംഗ് എന്നിവയിൽ 24 വിഭാഗങ്ങളിലായാണ് മത്സരം. ഇന്ന് വൈകുന്നേരം നടക്കുന്ന ഉദ്ഘാടന ചടങ്ങിൽ കേന്ദ്ര സഹമന്ത്രി രക്ഷാ ഖഡ്സെ പങ്കെടുക്കും.

✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿

## DURAND CUP

ഡ്യൂറണ്ട് കപ്പ് ഫുട്ബോൾ ട്രോഫി രണ്ടാം സെമിഫൈനലിൽ ഡയമണ്ട് ഹാർബർ എഫ്സിക്ക് ജയം. ഇന്നലെ കൊൽക്കത്തയിൽ നടന്ന മത്സരത്തിൽ ഈസ്റ്റ് ബംഗാൾ എഫ്.സിയെ 2-1

നാണ് പരാജയപ്പെടുത്തിയത്. ശനിയാഴ്ച നടക്കുന്ന ഫൈനൽ മത്സരത്തിൽ ഡയമണ്ട് ഹാർബർ , നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ നേരിടും.